DESPATCHED On 29/06/2020
17.3.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.1430(2)/2017**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.7724/എസ്.ഐ.സി-ജി 6/17

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.എസ്.എൻ നൗഷാദ്
ഷെറീഫ് മൻസിൽ
ഭാരതീപുരം പി.ഒ
പത്തടി–691312 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
കെ.എസ്.ആർ.ടി.സി
ഓഫീസ് ഓഫ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്
തിരുവനന്തപുരം

എതിർകക്ഷികൾ

2. അപ്പീൽ അധികാരി ആന്റ്
ചീഫ് പേഴ്സണൽ മാനേജർ
ഓഫീസ് ഓഫ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്
തിരുവനന്തപുരം

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.05.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.06.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 06.06.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 13.07.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 06.06.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.06.2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16.06.2017 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 14.07.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.01.2020, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 04.05.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ 30.07.2016 ലെ TRANS A2139/2016-TRANS ഗവൺമെന്റ് സെക്രട്ടറി കത്ത് പ്രകാരം എടുത്ത നടപടി വ്യക്തമാക്കാമോ എന്നും, ഇനം 2 ൽ നമ്പർ ജി1/2115/15 കൊല്ലം ആർ.ടി.ഐ കത്തിന് മറുപടി കിട്ടിയെന്നും, ജനനേതാക്കളെ കെ.എസ്.ആർ.ടി.സി ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും, തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. ടി അപേക്ഷയ്ക്ക് 03.06.2017 ന് എസ്.പി.ഐ.ഒ മറുപടി നൽകുകയും, ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് 06.06.2017 ന് ഹർജിക്കാരൻ അപ്പീൽ നൽകുകയും 13.07.2017നൽകിയ മറുപടിയിൽ അപ്പീൽ അധികാരി പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച പരാതിയിന്മേൽ കൂടുതൽ വിവരങ്ങൾക്കായി ട്രാഫിക്ക് വിഭാഗം എസ്.പി.ഐ. ഒയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടാണെന്നാണ്.

4. 14.07.2017 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടത് കെ.എസ്.ആർ.ടി.സി ബസ്സുകൾ കാഞ്ഞവയൽ എന്നസ്ഥലത്ത് നിർത്തുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളാണ് 7 ഇനങ്ങളിലായി ആവശ്യപ്പെട്ടതെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നും തന്നെ അപേക്ഷ സ്വീകരിച്ച എസ്.പി.ഐ.ഒ യുടെ കൈവശം ഉണ്ടായിരുന്നവയല്ലെന്നും, ആയതിനാൽ വിവരങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ട്രാഫിക്ക് വിഭാഗം എസ്.പി.ഐ.ഒയ്ക്ക് അപേക്ഷ കൈമാറുകയും, 30.05.2017 ന് ട്രാഫിക്ക് വിഭാഗം എസ്.പി.ഐ.ഒ ലഭ്യമാക്കിയ മറുപടി അപേക്ഷകന് സമയപരിധിയ്ക്കുള്ളിൽ തന്നെ ലഭ്യമാക്കിയെന്നും, ടി മറുപടിയിൽ അതൃപ്തിയൊന്നും കാണിക്കാതെ പുതിയ ചോദ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് 06.06.2017 –ാം തിയതി ഒന്നാം അപ്പീൽ അധികാരിക്കും അതേ തിയതിയിൽ തന്നെ ബഹു.വിവരാവകാശ കമ്മീഷൻ മുമ്പാകെയും പരാതി സമർപ്പിച്ചതെന്നും, ആയതിൻപ്രകാരം അപ്പീലപേക്ഷയിന്മേൽ ലഭ്യമായ വിവരം അറിയിക്കുകയും, ടിയാൻ ബഹു. കമ്മീഷനിൽ നൽകിയ പരാതിയിൽ ട്രാഫിക്ക് വിഭാഗം എസ്.പി.ഐ.ഒ യോട് വിശദീകരണം തേടുകയും, ആയതിൽ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിലും, യാത്രക്കാർക്ക് കൂടു

RIGHT TO INFORMATION

തൽ സൗകര്യം ഒരുക്കുന്നതിനുമായി പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ കാഞ്ഞവയൽ എന്ന സ്ഥലത്ത് നിർത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടു ണ്ടെന്നും, എന്നാൽ രേഖാമൂലമുള്ള ഉത്തരവ് നൽകിയിട്ടില്ലെന്നും അപേക്ഷകന്റെ മറ്റ് ആവശ്യങ്ങളൊന്നും വിവരാവകാശ നിയമപ്രകാരം പരിഹരിക്കാൻ കഴിയില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നവയ്ക്ക് മറുപടി നൽകിയതായി വിലയിരുത്തകയും, അപ്പീൽ സമയത്ത് ഉന്നയിച്ചിട്ടുള്ള പുതിയ ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതില്ലെന്ന് നിർദ്ദേശിക്കുകയും ചെയ്തു കൊണ്ട് ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res